പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1466 — 07/06/2018 ൽ മറുപടിക്ക്

## റീസർവ്വെ നടപടികൾ പൂർത്തീകരിക്കാൻ പ്രത്യേക മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ റീസർവ്വെ നടപടികൾ രണ്ടുവർഷത്തിനകം പൂർത്തീകരിക്കാനായി ആരംഭിക്കുന്ന പ്രത്യേക മിഷന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനുള്ള അനുവാദം നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഇത് നടപ്പിലാക്കുന്നതിനുള്ള Detailed Project Report തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) നിലവിൽ റീസർവ്വെ നടപടികൾ മന്ദഗതിയിലാകാൻ കാരണമായ ഘടകങ്ങൾ എന്തൊക്കെയാണ് ; പുതിയ മിഷനിലൂടെ ഇവയ്ക്ക് പരിഹാരം കണ്ടെത്താനാവുമെന്ന് കരുതുന്നുണ്ടോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. റീസർവ്വെ പ്രവർത്തനങ്ങൾ കൂടാതെ ലാൻഡ് റിക്കാർഡ് മെയിന്റനൻസുമായി ബന്ധപ്പെട്ടുള്ള സർവ്വെ, പട്ടയവിതരണത്തിനാവശ്യമായ സർവ്വെ , പുറമ്പോക്ക് റീഫിക്സിംഗുമായി ബന്ധപ്പെട്ട സർവ്വെ, സർക്കാരിന്റെ വിവിധ പ്രോജക്ടുകൾക്കാവശ്യമായ സ്പെഷ്യൽ സർവ്വെ മുതലായ സർവ്വെ പ്രവർത്തനങ്ങൾക്ക് റീസർവ്വെയിൽ നിന്നാണ് ജീവനക്കാരെ നിയോഗിക്കുന്നത്. പല സാഹചര്യങ്ങളിലും ഭൂപരിപാലനവുമായി ബന്ധപ്പെട്ട് അപേക്ഷകൾ തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്ത് പ്രവർത്തനങ്ങൾക്ക് വേണ്ടി റീസർവ്വെ നിറുത്തിവച്ചും ജീവനക്കാരെ നിയോഗിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇക്കാരണങ്ങളാൽ |

റീസർവ്വെ പ്രവർത്തനങ്ങൾ മന്ദഗതിയാലാകാൻ കാരണമായിട്ടുണ്ട്.

(സി) വൻകിട തോട്ടമുടമകളും മറ്റു സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കാനും ഈ പദ്ധതിയുടെ സുതാര്യത പൂർണമായും ഉറപ്പ് വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(സി) സംസ്ഥാനത്തെ ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് കൃത്യമായ ഭൂരേഖകൾ ലഭിക്കുന്നതിനാൽ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമിയെ സംബന്ധിക്കുന്ന വിവരങ്ങൾ വേഗത്തിൽ കണ്ടെത്താൻ സാധിക്കും. സുതാര്യത പൂർണ്ണമായും ഉറപ്പ് വരുത്തുന്ന തരത്തിൽ കേന്ദ്രസംസ്ഥാന അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിപ്പിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ